# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.576 06.02.2013-ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റും കടാശ്വാസ സഹായവും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സാജു പോൾ** | **ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ധന സംബന്ധമായ ഉത്തരവാദിത്വ നിയമത്തിൽ ചില ഭേദഗതികൾ സർക്കാർ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിച്ച മൊത്തം സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റും കടാശ്വാസ സഹായവും സംബന്ധിച്ച് വിശദമാക്കാമോ; | പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ധന ഉത്തരവാദിത്വ നിയമത്തിൽ ഭേദഗതി വരുത്തിയതുമൂലം സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റ്, കടാശ്വാസം എന്നീ ഇനങ്ങളിലായി ഇതുവരെ യഥാക്രമം 364.57കോടി രൂപയും 51.18കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (ബി) ഇവ രണ്ടും നടപ്പു വർഷം എത്ര കോടി വീതം ലഭിക്കുമെന്നായിരുന്നു കരുതിയിരുന്നത്; ലഭിച്ചത് എത്ര കോടി; വ്യക്തമാക്കുമോ? | 2012-13 സാമ്പത്തിക വർഷം സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റ് ഇനത്തിൽ 375കോടി രൂപയും കടാശ്വാസ ഇനത്തിൽ 65.96കോടി രൂപയുമാണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ തിട്ടപ്പെടുത്തിയതനുസരിച്ച് പ്രതീക്ഷിക്കുന്നത്. അതിൽ സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റ് ഇനത്തിൽ ഇതുവരെ 25കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. കടാശ്വാസയിനത്തിൽ ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ